LIBRARY ARCHIVES Kerala Legislative Assembly

പെരുവണ്ണാമൂഴി റിസർവ്വോയറിലെ ശുദ്ധജല മത്സ്യകൃഷി

160 (2029) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യതകൾ പരിഗണിച്ച് പദ്ധതി ആവിഷ്കരിക്കാമോ ; ഇവിടെ ഇപ്പോഴുള്ള സഹകരണ ഹാച്ചറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യ പ്രജനനത്തിനും, കുഞ്ഞുങ്ങളെ വളർത്തി ഡാമിൽ വിടുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ടോ ; ഹാച്ചറിയുടെ ആധുനികവത്ക്കരണത്തിനും കൂടുതൽ വരുമാന വർദ്ധനവിനും പദ്ധതി സമർപ്പിക്കാൻ നിർദ്ദേശിക്കാമോ ;

(ബി) ഇവിടെ ഇപ്പോഴുള്ള സഹകരണ ഹാച്ചറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യ പ്രജനനത്തിനും, കുഞ്ഞുങ്ങളെ വളർത്തി ഡാമിൽ വിടുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി റിസർവ്വോയർ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ നിയന്ത്രണത്തിലുള്ളതാണ്. പ്രസ്തുത റിസർവ്വോയറിലാണ് ജില്ലയിൽ ശുദ്ധജല വിതരണ പദ്ധതിയായ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മുഖ്യ ജലസംഭരണിയുള്ളത്. കുടിവെള്ള സ്രോതസ്സ് നിലനിൽക്കുന്നതിനാൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടു കൂടി മാത്രമേ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കാനാവൂ. കോഴിക്കോട് മത്സ്യ കർഷക വികസന ഏജൻസിയുടെ 2014-15 മാനേജിംഗ് കമ്മിറ്റി, പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷപിക്കുന്നതിനായി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ വരുന്ന കല്ലാനോട് ഹാച്ചറിയിൽ പെരുവണ്ണാമൂഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം മത്സ്യ വിത്തുല്പാദനത്തിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് മത്സ്യകർഷക വികസന ഏജൻസി 2014-15 മാനേജിംഗ് കമ്മിറ്റിയിൽ പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.